(ഡി) രോഗിയുടെ എണ്ണവും ഏതൊക്കെ രോഗങ്ങൾക്ക് ചികിത്സ നടത്തേണ്ടി വന്നേക്കാമെന്ന ഏകദേശ പ്രതീക്ഷിത കണക്കിന്റെ കൂടി അടിസ്ഥാനത്തിലാണ് ഓരോ വർഷവും മരുന്നുകളുടെ ഇൻഡന്റ് നൽകിവരുന്നത്. ഇപ്രകാരം വാങ്ങുന്ന മരുന്നുകൾ വിവിധങ്ങളായ കാരണങ്ങളാൽ എല്ലായ്പ്പോഴും ഉപയോഗിക്കാൻ കഴിഞ്ഞുവെന്ന് വരില്ല. കാലാകാലങ്ങളായി ഇപ്രകാരം ഉപയോഗിക്കാൻ കഴിയാതെ പോയ മരുന്നുകളാണ് ഉപയോഗശൂന്യമായിത്തീർന്നിട്ടുള്ളത്. ഏതെങ്കിലും വ്യക്തികളിൽ ഇതിന്റെ ഉത്തരവാദിത്വം പൂർണ്ണമായി ചുമത്തുന്നത് യുക്തിഭദ്രമല്ല. ആയതിനാൽ കൂടുതൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

## കൊച്ചി-മലബാർ ദേവസ്വം ബോർഡുകളിലേക്ക് തെരഞ്ഞെടുപ്പ്

20 (*230) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി-മലബാർ ദേവസ്വം ബോർഡുകളിലേക്ക് കാലാവധി കഴിഞ്ഞിട്ടും തെരഞ്ഞെടുപ്പ് നടത്താത്തതിനാൽ ഈ ദേവസ്വങ്ങളിൽ ഭരണസ്തംഭനം ഉളവായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ദേവസ്വം ബോർഡുകളിലേക്കും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സംവരണ വിഭാഗം പ്രതിനിധിയെയും തെരഞ്ഞെടുക്കാതിരിക്കുന്നതിന്റെ കാരണം അറിയിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) കൊച്ചി-മലബാർ ദേവസ്വം ബോർഡുകളിൽ ഭരണസ്തംഭനം ഇല്ല.

(ബി) കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിലെ പ്രസിഡന്റിനെയും അംഗങ്ങളെയും തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ടും, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സംവരണ വിഭാഗം അംഗത്തെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ടും സർക്കാർതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഒറാക്കിൾ സോഫ്റ്റ്‌വെയർ

21 (*231) ശ്രീ. എം. ഹംസ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജെയിംസ് മാത്യു :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ വാട്ടർ സപ്ലൈ പ്രോജക്ട് നെറ്റ്‌വർക്കിനായി സ്വതന്ത്ര സോഫ്റ്റ്‌വെയർ ഒഴിവാക്കി കെൽട്രോൺ വഴി ഒറാക്കിൾ സോഫ്റ്റ്‌വെയർ വാങ്ങാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കുമോ ;

(ബി) കെൽട്രോൺ സപ്ലൈ ചെയ്യുന്നതിൽ സ്വയം നിർമ്മിതമോ അസംബിൾ ചെയ്യുന്നതോ ആയ ഭാഗം, അമ്പതു ശതമാനമോ അതിൽ കുറവോ ആണെങ്കിൽ തുറന്ന ടെണ്ടറിലൂടെ മാത്രമേ വാങ്ങാവൂ എന്ന നിബന്ധന ഒഴിവാക്കാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly